പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 886

30.10.2019-ൽ മറുപടിയ്ക്ക്

**കൃഷ്ണപുരത്തെ സാംസ്കാരിക വിനോദ സഞ്ചാര കേന്ദ്രം**

**ചോദ്യം**

ശ്രീമതി യു. പ്രതിഭ

കായംകുളം കൃഷ്ണപുരത്ത് സാംസ്കാരിക വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് നിർമ്മിച്ച സാംസ്കാരിക വിനോദ സഞ്ചാര കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. എ. കെ. ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

കായംകുളം കൃഷ്ണപുരത്ത് പൂർത്തിയായിട്ടുള്ള സാംസ്കാരിക വിനോദ സഞ്ചാര കേന്ദ്രത്തിൽ വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ ഇതുവരെ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സാംസാരിക വകുപ്പിന് കൈമാറി ലഭിക്കാത്തതു മൂലമാണിത്. ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൂർ അനുവാദം കൂടാതെ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സാധൂകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. സാംസ്കാരിക വിനോദ സഞ്ചാര കേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായിട്ടുണ്ട് .ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതിനായി ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും വിനോദ സഞ്ചാര വകുപ്പ് മന്ത്രി, സ്ഥലം എം.എൽ.എ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേരുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ